* ജനറൽ മാനുഫാക്ചറിംഗ് & സർവീസ് പാർക്ക്

* ഹൈടെക് മാനുഫാക്ചറിംഗ് & സർവീസ് പാർക്ക്

* നൈപുണ്യ വികസന പാർക്ക്

* സാമൂഹിക അടിസ്ഥാന വികസനവും അനുബന്ധപദ്ധതികളും

പരമ്പരാഗത വ്യവസായ സംരക്ഷണം

189 (574) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ പരമ്പരാഗത വ്യവസായ സംരക്ഷണത്തിനായി ഓരോ വർഷവും ചെലവിട്ട തുക വ്യക്തമാക്കുമോ?

ഉത്തരം

(എ) പരമ്പരാഗത വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ സമഗ്രമായി വിലയിരുത്തി അവയെ സംരക്ഷിക്കുന്നതിനുള്ള ഒട്ടേറെ ക്രിയാത്മകമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ നൽകുന്നതിനായി ഇൻകം സപ്പോർട്ട് സ്കീമും കൈത്തറി നെയ്ത്തുകാരുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമും നടപ്പിലാക്കി. കൈത്തറി മേഖലയിലെ സ്വയം തൊഴിൽ പദ്ധതി പ്രകാരം പുതിയ നെയ്ത്ത് തൊഴിലാളികളെ ഈ മേഖലയിലേയ്ക്ക് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനും കയറ്റുമതി പ്രോൽസാഹിപ്പിക്കുന്നതിനും സബ്സിഡികൾ നൽകിവരുന്നു. കൈത്തറി നെയ്ത്തുകാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനായി പരിശീലനം നൽകുകയും കുഴിനൂലും മറ്റ് അസംസ്കൃത വസ്തുക്കളും ന്യായമായ വിലയ്ക്ക് യഥാസമയം ലഭിക്കുന്നതിനായി യാൺ ബാങ്കുകൾ പ്രവൃത്തിപ്പിക്കുകയും ചെയ്തുവരുന്നു. ഈ നടപടികളുടെ ഫലമായി കൈത്തറി മേഖലയിൽ ഉൽപ്പാദനക്ഷമത വർദ്ധിക്കുകയും ഉൽപാദനം വർദ്ധിക്കുകയും ഉൽപ്പന്നങ്ങൾക്കുള്ള ഡിമാന്റ് വർദ്ധിക്കുകയും വിപണി വളരെയധികം വർദ്ധിപ്പിക്കുവാൻ കഴിയുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പരമ്പരാഗത വ്യവസായമായ കശുവണ്ടി മേഖലയിലെ പ്രധാന പ്രതിസന്ധിയായ തോട്ടണ്ടിയുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി കശുമാവ് കൃഷി വികസന ഏജൻസിക്ക് രൂപം നൽകുകയും കശുമാവ് കൃഷി വ്യാപിപ്പിക്കുകയും ചെയ്യുവരുന്നു. കശുവണ്ടി മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും സഹകരണ സ്ഥാപനമായ കാപെക്സിന്റെയും നവീകരണത്തിനും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ആധുനിക യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായം നൽകിവരുന്നു. കശുവണ്ടി വികസന കോർപ്പറേഷന് പ്രവർത്തന മൂലധനത്തിന്റെ അഭാവം പരിഹരിക്കുന്നതിനായി സർക്കാർ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.

പരമ്പരാഗത വ്യവസായ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ എന്ന പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷത്തിൽ 10 കോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്. കരകൗശല മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കേരള കരകൗശല വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയ്ക്കും സഹകരണ സ്ഥാപനമായ സുരഭിക്കും അടിസ്ഥാന സൗകര്യ വികസനം, ഉൽപ്പന്നങ്ങളുടെ മാർക്കറ്റിംഗ്, തൊഴിലധിഷ്ഠിത വൈദഗ്ധ്യ പരിശീലനം എന്നിവയ്ക്കായി സർക്കാർ സാമ്പത്തിക സഹായം നൽകിവരുന്നു. കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് കുറഞ്ഞ പലിശനിരക്കിൽ സാമ്പത്തിക സഹായം നൽകിവരുന്നു. കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പരിധിയിൽ വരുന്ന ആർട്ടിസാൻസ് കുടുംബങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി ആർട്ടിസാൻസ് വനിതകൾക്കായി ഒട്ടനവധി തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ വിവിധ ജില്ലകളിൽ സർക്കാരിന്റെ ധനസഹായത്തോടെ കാഡ്കോ നടത്തിവരുന്നു. ഈറ്റ-പനമ്പ് നെയ്ത്ത് മേഖലയിലെ തൊഴിലാളികൾക്കായി കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ മുഖാന്തരം മിനിമം വേതനം പദ്ധതി നടപ്പാക്കിവരുന്നു.

പരമ്പരാഗത വ്യവസായമായ കയർമേഖലയിൽ ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി ചകിരി സംഭരിച്ച് സബ്സിഡി നിരക്കിൽ നൽകുന്നതിനായി കയർഫെഡിന് ധനസഹായം അനുവദിച്ചു തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുള്ള പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള ഒരു പുതിയ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. നാളികേര വികസന ബോർഡുമായുള്ള ഒരു പദ്ധതിക്കും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കയർ മേഖലയിൽ നിയന്ത്രിത യന്ത്രവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്. കയർ സഹകരണ

LIBRARY ARCHIVES Kerala Legislative Assembly

സംഘങ്ങൾക്ക് പുനരുദ്ധാരണപദ്ധതിപ്രകാരം പ്രവർത്തന മൂലധനമുൾപ്പെടെയുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർതന്നെ തൊഴിലാളികൾക്ക് നേരിട്ട് നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. കയർമേഖലയിൽ ആധുനിക രീതിയിലുള്ള യൂണിറ്റുകൾ സ്ഥാപിക്കുവാനും ആഭ്യന്തര വിദേശ വിപണികൾ വർദ്ധിപ്പിക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ഖാദി മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം വിവിധ പരമ്പരാഗത വ്യവസായങ്ങൾക്ക് സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഖാദി സഹകരണ സംഘങ്ങളേയും മറ്റ് ഖാദി സ്ഥാപനങ്ങളേയും പുനരുദ്ധരിക്കുന്നതിനായി സർക്കാർ സാമ്പത്തികസഹായം അനുവദിച്ചിട്ടുണ്ട്. ഖാദി തൊഴിലാളികൾക്ക് സർക്കാർ ധനസഹായത്തോടെ മിനിമം വേതനം നൽകിവരുന്നുണ്ട്. ക്ഷേമനിധി ബോർഡുവഴി പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ഖാദി മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വർഷം മുഴുവൻ ഖാദി ഉണിത്തരങ്ങളുടെ ചില്ലറ വില്പനയ്ക്ക് 10% റിബേറ്റും ഉത്സവകാലങ്ങളിൽ 10% അധിക റിബേറ്റും നൽകിവരുന്നു. ഖാദി തൊഴിലാളികൾക്ക് ഉൽപ്പാദന ഇൻസെന്റീവ് നൽകിയും അവർക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഖാദിമേഖലയുടെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ സഹായത്തോടുകൂടി ഖാദി വസ്ത്രങ്ങളുടെ ഡിസൈൻ ആകർഷകമാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഈ സർക്കാർ പരമ്പരാഗത വ്യവസായ സംരക്ഷണത്തിനായി ഓരോ വർഷവും ചെലവിട്ട തുക ചുവടെ ചേർക്കുന്നു:

കൈത്തറി മേഖല

വർഷം	തുക
2011-12	62.05 കോടി
2012-13	53.73 കോടി
2013-14	71.671 കോടി
2014-15	50.91 കോടി
2015-16	46.30 കോടി

LIBRARY ARCHIVES Kerala Legislative Assembly

കശുവണ്ടി മേഖല

വർഷം	തുക
2011-12	47.5 കോടി
2012-13	60.9 കോടി
2013-14	87 കോടി
2014-15	48 കോടി
2015-16	60 കോടി

കരകൗശല മേഖല

വർഷം	തുക
2011-12	2.51 കോടി
2012-13	3.7819 കോടി
2013-14	3.9099 കോടി
2014-15	6.0768 കോടി

കയർ മേഖല

വർഷം	തുക
2011-12	89,97,49,884
2012-13	102,38,39,301
2013-14	71,40,75,429
2014-15	64,35,44,632
2015-16	47,55,67,601

ഇൗറ്റ-പനമ്പ് നെയ്ത്ത് മേഖല

വർഷം	തുക
2011-12	1.6 കോടി
2012-13	5.2105 കോടി
2013-14	8.16 കോടി
2014-15	8 കോടി
2015-16	3.35 കോടി

ഖാദി-ഗ്രാമവ്യവസായ മേഖല

വർഷം	തുക
2011-12	24.26 കോടി
2012-13	32.81 കോടി
2013-14	42.65 കോടി
2014-15	25.416 കോടി
2015-16	26.976 കോടി

പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ ലാഭം

190 (575) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ 2013-14, 2014-15 വർഷത്തെ ലാഭ-നഷ്ടക്കണക്ക് വ്യക്തമാക്കുമോ;

(ബി) ലാഭം കുറഞ്ഞിട്ടുണ്ടെങ്കിൽ, അതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 2013-14, 2014-15 കാലയളവിലെ ലാഭ-നഷ്ടകണക്കുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) വ്യവസായ മേഖലയിലുണ്ടായിട്ടുള്ള മാന്ദ്യം, വിദേശ രാജ്യങ്ങളിൽ നിന്നുള്ള അനാരോഗ്യകരമായ ഇറക്കുമതി, വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരം കാരണം അറ്റാദായത്തിലുണ്ടാകുന്ന കുറവ്, വൈദ്യുതി ചാർജ്ജിലുള്ള വർദ്ധനവ് എന്നിവ സ്ഥാപനങ്ങളുടെ ലാഭകരമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഈ പ്രതിസന്ധികളെ അതിജീവിക്കത്തക്ക വിധത്തിൽ സ്ഥാപനങ്ങളെ മത്സരക്ഷമതയുള്ളവയാക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

ലൈറ്റിംഗ് ഡിവിഷൻ വികസന പദ്ധതികൾ

191 (576) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിൽ മൂടാടി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കെൽട്രോൺ ലൈറ്റിംഗ് ഡിവിഷനിൽ മുൻ സർക്കാറിന്റെ കാലത്ത് നടപ്പിലാക്കിയ വികസന പദ്ധതികൾ എന്തെല്ലാം;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly